I/399457/2023

"ഭരണഭാഷ - മാതൃഭാഷ"

നം:-ഡി.ജി.ഇ/7241/2023/എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 07-08-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2023-2024 വർഷത്തെ തസ്തികനിർണ്ണയം, അധ്യാപക/അനധ്യാപക ബാങ്ക് നവീകരണം, സംരക്ഷിത ജീവനക്കാരുടെ പുനർ വിന്യാസം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. 29/07/2023 ലെ പൊതുവിദ്യാഭ്യാസം- ജെഅർ1/317/2023/പൊ.വി.വ നമ്പർ സർക്കാർ കത്തും 25/07/2023 ലെ ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങളുടെ അംഗീകൃത നടപടിക്കുറിപ്പും.
2. 25/07/2023 ലെ ഈ കാര്യാലയത്തിലെ എൻ.ഇ.പി3/236124/21/ ഡി.ജി.ഇ നമ്പർ സർക്കുലർ
3. 20/04/2022 - ലെ എസ്.ആർ.ഒ. നമ്പർ 375/2022.
4. 15/05/2023 - ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ സർക്കുലർ.
5. 31/07/2023 - ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ സർക്കുലർ.
6. 01/08/2023 - ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഇതേ നമ്പർ ഭേദഗതി സർക്കുലർ.
7. 02/12/2022 - ലെ സ.ഉ .(കൈ) നം 220/2022/പൊ.വി.വ.
8. 14/07/2022- ലെ സ.ഉ(അച്ചടിച്ചത്) 8/2022/പൊ.വി.വ
9. 05/08/2022 - ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/10483/2022/ഡി.ജി.ഇ നമ്പർ ഉത്തരവ്
10. 24/08/2022 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/5594/2022 നമ്പർ കത്ത്

*****

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ 2023-2024 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച മാർഗനിർദേശങ്ങളാണ് ഈ സർക്കുലറിന്റെ ഉള്ളടക്കം.. പ്രധമാദ്ധ്യാപകർ സമർപ്പിച്ചിട്ടുള്ള തസ്തിക നിർണ്ണയ പ്രൊപ്പോസലുകളിൽ വിദ്യാഭ്യാസ ഓഫീസുകളിൽ **08/08/2023** മുതലാണ് നടപടികൾ ആരംഭിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളുടെയും തസ്തികനിർണ്ണയം സൂചന (1) പ്രകാരം നിലവിലുള്ള നിർദ്ദേശമനുസരിച്ച് **<u>2023 ആഗസ്റ്റ് 21 നകം</u>**

പൂർത്തീകരിക്കേണ്ടതാണ്.

2023-2024 വർഷത്തേക്ക് തസ്തികകളും ഡിവിഷനുകളും അനുവദിക്കുന്നതിന്, നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങളും, സർക്കാർ/വകുപ്പ് തല നിർവഹണ ഉത്തരവുകളും അടിസ്ഥാനപ്പെടുത്തി തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തേണ്ടതാണ്.

**2023-2024 വർഷം സമന്വയ വഴിയല്ലാതെ മാന്വൽ ആയി തസ്തിക നിർണ്ണയം നടത്തേണ്ട സ്കൂളുകൾ**

2022-2023 വർഷത്തിൽ സമന്വയ വഴിയല്ലാതെ തസ്തികനിർണ്ണയം നടത്തിയ സ്കൂളുകളിലെ {1.ഓറിയന്റൽസ്കൂളുകൾ, 2.കന്നട/തമിഴ് മീഡിയം പാരലൽ ഡിവിഷനുകൾ ഉള്ള സ്കൂളുകൾ, പ്രത്യേക സർക്കാർ- ഉത്തരവ് വഴി ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസുകൾക്ക് വെവ്വേറെ ഡിവിഷനുകളും തസ്തികയും അനുവദിക്കുന്ന സ്കൂളുകൾ 3 . സ്പെഷ്യൽ സ്കൂളുകൾ 4 . റ്റി.റ്റി.ഐകൾ (ഫീഡിംഗ് സ്കൂൾ ഉൾപ്പെടെ) 5.ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ}. കൂടാതെ, ഈ വർഷത്തെ തസ്തിക നിർണ്ണയവും , മറ്റേതെങ്കിലും സ്കൂളുകൾക്ക് എന്തെങ്കിലും കാരണവശാൽ സമന്വയവഴി തസ്തികനിർണ്ണയം നടത്താൻ കഴിയുന്നില്ലെങ്കിൽ ആ സ്കൂളുകളുടെ തസ്തികനിർണ്ണയം കൂടി മാന്വൽ ആയി നടത്തി ഉത്തരവ് നൽ കേണ്ടതുമാണ് . ഇത്തരം സ്കൂളുകളിലും അധിക ഡിവിഷൻ/തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയനുസരിച്ച് മാന്വലായി തന്നെ നടപടി സ്വീകരിക്കേണ്ടതും കെ.ഇ.ആർ അദ്ധ്യായം XXIII,ചട്ടം 12(4) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. സമന്വയ വഴി തസ്തിക നിർണ്ണയം നടത്താൻ കഴിയാതിരുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്. സ്കൂളുകളിൽ നിന്നുള്ള വിവരങ്ങൾ ലഭിച്ചു കഴിഞ്ഞാൽ തന്നെ ഓരോ ഓഫീസിന്റെ പരിധിയിലും ഏത് സ്കൂളുകളിൽ അധിക ഡിവിഷനുകളും തസ്തികകളും ലഭ്യമാണെന്ന് ഓഫീസർമാർക്ക് അറിയാൻ കഴിയുന്നതാണ്. ഇത്തരം വിദ്യാലയങ്ങളിൽ ആകസ്മിക സന്ദർശനം നടത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ ചെയ്യാനുള്ളതിനാൽ ഇത്തരം വിദ്യാലയങ്ങളുടെ ഫയലുകൾ മുൻഗണനാക്രമത്തിൽ എടുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

**തസ്തിക നിർണ്ണയം 2023-2024 വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടത്**

2023-2024 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിനായുള്ള പ്രൊപ്പോസലുകൾ സമന്വയ വഴി ഇതിനകം ലഭിച്ചിട്ടുണ്ടാകും. **08/08/2023 മുതൽ** തന്നെ ബന്ധപ്പെട്ട ഓഫീസർമാർ ഈ തസ്തിക നിർണ്ണയ അപേക്ഷകൾ അതാത് സെക്ഷനുകളിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. **വാലിഡ് യു.ഐ.ഡി.** ഉള്ള വിദ്യാർത്ഥികളെ മാത്രമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും, ലഭ്യമായ അക്കോമഡേഷന്റെ അടിസ്ഥാനത്തിലും ലഭ്യമാകുന്ന ഡിവിഷനുകളും തസ്തികകളും സമന്വയയിൽ കാണിക്കുന്നതാണ്. ആയതു പരിശോധിച്ച് അനുവദിക്കാവുന്ന ഡിവിഷനുകൾ ആദ്യം രേഖപ്പെടുത്തി, കൺഫേം ചെയ്ത് തുടർന്ന് തസ്തികകൾ കൺഫേം ചെയ്ത് വിശദമായ നോട്ട് സഹിതം മേലധികാരികൾ മുഖേന

ഓഫീസർക്ക് ഫയൽ അയക്കേണ്ടതാണ്. അധിക ഡിവിഷനുകളും തസ്തികകളും സർക്കാർ അനുമതിയോടെ മാത്രമേ അനുവദിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ പരാമർശം(3) ഭേദഗതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ സന്ദർശിച്ച് വിശദമായി പരിശോധന നടത്തി സമന്വയ വഴി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ നൽകേണ്ടതാണ്. ഇതിനുള്ള സംവിധാനം സമന്വയയിൽ ലഭ്യമാണ്. 2022-2023 അധ്യയനവർഷം അനുവദിക്കപ്പെട്ട ഡിവിഷൻ/തസ്തികകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് 2023-2024 വർഷത്തെ അധിക ഡിവിഷൻ/തസ്തികകൾ കണക്കാക്കുന്നത്. അധിക ഡിവിഷൻ കണക്കാക്കുമ്പോൾ എൽ.പി, യു.പി, എച്ച്.എസ് എന്നിവ പ്രത്യേക യൂണിറ്റായി കണക്കാക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കകം അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, അധിക തസ്തിക/ഡിവിഷൻ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ ശിപാർശ സംബന്ധിച്ച വിവരം അനുബന്ധം മൂന്ന് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾച്ചേർക്കേണ്ടതുമാണ്. അധിക ഡിവിഷൻ സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർ നടത്തുന്ന സന്ദർശനത്തിന്റെ റിപ്പോർട്ട് സമന്വയയിൽ നൽകുമ്പോൾ വാലിഡ് യു.ഐ.ഡി. ഉള്ള ഹാജരുള്ളതും ഹാജരില്ലാത്തതുമായ എല്ലാവിദ്യാർത്ഥികളുടെയും രേഖകൾ പരിശോധിക്കേണ്ടതാണ്. **വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തുന്ന ദിവസം ഹാജരില്ല എന്ന കാരണത്താൽ മാത്രം ഒരു വിദ്യാർത്ഥിയും തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാതിരിക്കരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.** ഹാജരില്ലാത്ത വിദ്യാർത്ഥികളെയും അതിൽ തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാത്തവരുണ്ടെങ്കിൽ അവരുടെയും പേരു വിവരം സമന്വയയിൽ രേഖപ്പെടുത്തുന്നതിന് സംവിധാനമുണ്ട്. സമ്പൂർണ്ണയിൽ യു.ഐ.ഡി. വാലിഡേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആറാം പ്രവൃത്തി ദിവസത്തിലും യു.ഐ.ഡി. ഇൻവാലിഡേറ്റ് ആയിട്ടുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇത്തരം വിദ്യാർത്ഥികളെ ഇക്കാരണത്താൽ മാത്രം തസ്തിക നിർണ്ണയത്തിന് പരിഗണിക്കാതിരിക്കാൻ കഴിയില്ല. **ഇത്തരം വിദ്യാർത്ഥികളുടെ യു.ഐ.ഡി.യുടെ ഫോട്ടോയും ഇൻവാലിഡ് ആയതിനുള്ള കാരണവും സമ്പൂർണ്ണയിൽ ചേർക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ ചേർക്കപ്പെട്ടവ, കൈറ്റ് പരിശോധിച്ച് വാലിഡ് ആയവ വാലിഡ് എന്ന് കാണിച്ച്, സമന്വയയിൽ പ്രസ്തുത എണ്ണം അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.** അധിക ഡിവിഷൻ/തസ്തിക ലഭ്യമല്ലാത്ത സ്കൂളുകളിൽ യു.ഐ.ഡി. ഉള്ള വിദ്യാർത്ഥികളെ പിന്നീട് ബോഗസ് ആണെന്ന് കണ്ടെത്തിയാൽ ചട്ടപ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. സ്കൂൾ സന്ദർശന റിപ്പോർട്ട് മാതൃക സമന്വയയിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്. വിദ്യാഭ്യാസ ഓഫീസർമാർ അധിക ഡിവിഷനും തസ്തികയും ശിപാർശ ചെയ്യാത്തതിനെതിരെയുള്ള അപ്പീലുകൾ നിലവിൽ പരിഗണിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ചട്ട പ്രകാരം വ്യവസ്ഥയില്ലെന്ന് അറിയിക്കുന്നു. 2022-2023 വർഷത്തിൽ ചില വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചട്ടം പാലിക്കാതെ അധിക ഡിവിഷൻ / തസ്തിക സംബന്ധിച്ച് അപ്പീൽ അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മാന്വലായി തസ്തിക നിർണ്ണയം ചെയ്യുന്ന സ്കൂളുകളിൽ അനുബന്ധം-3 നോടൊപ്പം തസ്തിക നിർണ്ണയ ഉത്തരവ് (അധിക തസ്തിക അനുവദിക്കാതെയുള്ള) ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതാണ്.

<u>തസ്തിക നിർണ്ണയം സംബന്ധിച്ച ചില സുപ്രധാന വിവരങ്ങൾ</u>

(1) <u>അധ്യാപക വിദ്യാർത്ഥി അനുപാതം</u>

**2022-2023 വർഷം തസ്തിക നിർണ്ണയത്തിന് സ്വീകരിച്ച അതേ അധ്യാപക വിദ്യാർത്ഥി അനുപാതമാണ് 2023-2024 വർഷത്തെ തസ്തിക നിർണയത്തിലും സ്വീകരിക്കേണ്ടത്. അനുപാതം / എണ്ണം കുറച്ചുകൊണ്ട് മാതൃസ്കൂളിൽ തന്നെ നില നിർത്തുന്ന വ്യവസ്ഥ സൂചന (7) പ്രകാരം ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.**

(2) <u>ഹെഡ് ടീച്ചർ തസ്തിക അനുവദിക്കുന്നത്</u>

കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII, ചട്ടങ്ങൾ 1 (b) (iii), 5 (iv) എന്നിവ പ്രകാരം സർക്കാർ, എയ്ഡഡ് എൽ.പി, യു.പി. സ്കൂളുകളിൽ താഴെ പറയുന്ന ക്രമത്തിൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ്സ്ചുമതലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഒരു അധിക എൽ.പി.എസ്.ടി/ യു.പി.എസ്.ടി തസ്തിക അനുവദിക്കേണ്ടതാണ്.

(a) <u>എൽ. പി. സ്കൂളുകൾ</u>

1 മുതൽ I V വരെയോ, I മുതൽ V വരെയോ ഉള്ള ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ,

(b) <u>യു.പി. സ്കൂളുകൾ</u>

**i) V മുതൽVII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

V മുതൽVII വരെക്ലാസുകളിൽ 100 ൽകൂടുതൽകുട്ടികൾഉണ്ടെങ്കിൽ.

**ii) I മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

I മുതൽ Vവരെ ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.അല്ലെങ്കിൽ V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

(3) <u>എച്ച്.എസ്.ടി.(ഇംഗ്ലീഷ്)</u>

ബഹു. ഹൈക്കോടതിയുടെ നിർദേശാനുസരണം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികകൾ പീരീഡ് അടിസ്ഥാനത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഹൈസ്കൂൾ വിഭാഗത്തിലെ തസ്തിക നിർണ്ണയം മേൽ വിഷയത്തിലെ **"അന്തിമ തീരുമാനത്തിന് അനുസൃതമായി പുനർനിർണ്ണയം ചെയ്യുന്നതാണ്"** എന്ന

വ്യവസ്ഥയോടെയാണ് തസ്തിക നിർണ്ണയം പ്രൊവിഷണലായി നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അപ്രകാരം തസ്തിക പുനർനിർണ്ണയിക്കുന്നതു വരെ കഴിഞ്ഞ വർഷം 17.10.2022 ലെ സ.ഉ(കൈ) 181/2022/പൊ.വി.വ, 21.01.2023 ലെ ജെ2/196/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത് എന്നിവ പ്രകാരം അനുവദിച്ചതു പോലെ 3 , 4 ഡിവിഷനുകൾ മാത്രമുള്ള ഹൈസ്കൂളുകളിൽ എച്ച്.എസ്.റ്റി(ഇംഗ്ലീഷ്) അദ്ധ്യാപകർ, തസ്തിക നഷ്ടം വരുന്നതിനാൽ പുറത്തുപോകേണ്ടി വരുന്ന സാഹചര്യത്തിൽ ഇംഗ്ലീഷ് അധ്യാപകരെ നിലനിർത്തുന്നതിനും അത്തരം അധ്യാപകരില്ലാത്ത പക്ഷം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും ഉള്ള തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തിക ലഭ്യമാകാത്ത ഹൈസ്കൂളുകളുടെ തസ്തിക നിർണ്ണയ ഉത്തരവിൽ ഇക്കാര്യം അനുബന്ധത്തിൽ ചേർത്ത് നൽകേണ്ടതാണ്.

(4) <u>ഗ്രൂപ്പ് 'സി' ഡൈവേർഷൻ</u>

ഗ്രൂപ്പ്'സി' വിഷയങ്ങളിൽ നിന്നുള്ള പീരീഡുകൾ കൂടി ഉപയോഗിച്ച് ഭാഷാ വിഷയങ്ങളിൽ ഫുൾടൈം തസ്തിക അനുവദിച്ചിരുന്ന നടപടി 2010-2011 വർഷം വരെ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. (04.11.2010 ലെ സ.ഉ.(എം.എസ്) നമ്പർ 220/2010/പൊ.വി.വ.) 2011-2012 മുതൽ ഇപ്രകാരം ഫുൾടൈം തസ്തിക പുതുതായി സൃഷ്ടിക്കാനാവില്ല, എന്നാൽ , 2010-2011 വരെ ഗ്രൂപ്പ്'സി' ഡൈവേർഷൻ വഴി ഫുൾടൈം തസ്തിക സൃഷ്ടിച്ച് അതിൽ തുടർന്നിരുന്ന അധ്യാപകർക്ക് അവർ സർവീസിൽ നിന്നും വിരമിക്കുന്നതുവരെ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണ്. അവരുടെ വിരമിക്കലിനു ശേഷം തസ്തിക പാർട്ട് ടൈം ആയി മാറുന്നതാണ്.

(5) <u>ഫുൾടൈം ബെനഫിറ്റ്</u>

ഭാഷാധ്യാപകർക്ക് ഫുൾടൈം ബെനഫിറ്റ് നൽകുമ്പോൾ അവർക്ക് ഫുൾടൈം ജോലി കൂടി ഉറപ്പുവരുത്തണമെന്ന് 02-05-1973 ലെ സ.ഉ.(കൈ)62/73/എസ്.ഇ.ഡി.എൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുമുണ്ട്. ആയതിനാൽ, ഫുൾടൈം ബെനഫിറ്റ് നൽകുന്ന ഭാഷാധ്യാപകരുടെ സേവനം സമീപ സ്കൂളുകളുമായി (പ്രസ്തുത വിഷയം പഠിപ്പിക്കാൻ വേണ്ടി മാത്രം) ക്ലബ് ചെയ്യേണ്ടതാണ്. സമീപ സ്കൂളുകളിലൊന്നും ക്ലബ് ചെയ്യാൻ കഴിയുന്നില്ല എന്ന കാരണത്താൽ ആർക്കും ഫുൾടൈം ബെനഫിറ്റ് അനുവദിക്കാത്ത അവസ്ഥയുണ്ടാക്കുകയുമരുത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ അധ്യാപകർക്ക് അവരുടെ സ്കൂളിൽ തന്നെ ഫുൾടൈം ആയി ജോലി നൽകാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തണം. ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തുകയും വേണം. 02-05-1973 ലെ സ.ഉ..(കൈ) 62/73/എസ്.ഇ.ഡി.എൻ പ്രകാരം 5 വർഷത്തെ തുടർച്ചയായ സർവീസും 8 പീരീഡ് ജോലിയുമുള്ള ഭാഷാധ്യാപകർക്കാണ് ഫുൾടൈം ബെനഫിറ്റ് നൽകുന്നത്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച്, 8 പീരീഡ് ജോലിയുള്ള ഭാഷാധ്യാപകർക്ക് തുടർച്ചയായ 5 വർഷം തികയുന്ന തീയതിയുടെ അടുത്ത ദിവസം മുതൽ ഫുൾടൈം ബെനഫിറ്റിന് അർഹതയുണ്ടാകുമെന്ന്(അധ്യാപകന്റെ പേരും സർവീസും തീയതിയും എല്ലാം ചേർത്ത്) തസ്തിക

നിർണയ ഉത്തരവിൽ മുൻ കൂട്ടി തന്നെ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, **2023 ജൂലൈ 15 മുതൽ 2024 ജൂലൈ 14 വരെയുള്ള കാലയളവിൽ ഫുൾടൈം ബെനഫിറ്റിന് അർഹതയെത്തുന്നവരുടെ പേരു വിവരം ചേർക്കേണ്ടത് 2023-2024 ലെ തസ്തിക നിർണ്ണയ ഉത്തരവിലാണ്.**

നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യം ജൂലൈ 15 ആയിരിക്കും. **മുൻ വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം നിലനിൽക്കുന്ന തസ്തികകൾ 2023 ജൂലൈ 15ന് നഷ്ടപ്പെടുമെന്ന അവസ്ഥ സംജാതമാകുകയാണെങ്കിൽ പ്രസ്തുത തസ്തികകളിൽ തുടർന്ന് വന്നിരുന്നവർക്ക് *2023 ആഗസ്റ്റ് 21 വരെ ശമ്പളം നൽകേണ്ടതാണ്.*** ആയതിനാൽ, തസ്തിക നിർണ്ണയത്തിന് ശേഷം തസ്തിക കുറഞ്ഞ് ആരെങ്കിലും പുറത്തുപോകുന്ന സാഹചര്യമുള്ള സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവ്, മുൻഗണന നൽകി പുറപ്പെടുവിക്കേണ്ടതാണ്. തസ്തിക നിർണ്ണയത്തിനു ശേഷം ഡിവിഷൻ/തസ്തിക കുറവ് വരുന്ന തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നാൽ പ്രഥമാധ്യാപകർക്ക് ആയത് സമന്വയ മുഖേന റിപ്പോർട്ട് ചെയ്യാനും ആയതിനനുസരിച്ച് ചട്ടഭേദഗതി കെ.ഇ.ആർ.അദ്ധ്യായം XXIII ചട്ടം 12(8) പ്രകാരം ഡിവിഷൻ/തസ്തിക കുറവ് വരുത്തുന്നതിനുമുള്ള സംവിധാനം സമന്വയയിൽ സജ്ജമാക്കിയിട്ടുണ്ട്.

തസ്തിക നിർണയ ഉത്തരവിലെ റിമാർക്സ് പേജിൽ (Appendix ന്റെ 2- പേജ് ഇതിനായി ഉപയോഗിക്കാം) താഴെപ്പറയുന്ന വിവരങ്ങൾ (ബാധകമാണെങ്കിൽ മാത്രം) നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

i) സ്കൂളിലെ എല്ലാ സംരക്ഷിത ജീവനക്കാരുടെയും ലിസ്റ്റ്(അധ്യാപക പാക്കേജു വഴി നിയമിതരായ ക്ലസ്റ്റർ കോഡിനേറ്റർമാർ ഉൾപ്പെടെ)(പേര്, തസ്തിക, ജനനത്തീയതി, സ്ഥിര നിയമനത്തീയതി, പുനർ വിന്യസിക്കപ്പെട്ട തീയതി, പുനർവിന്യസിക്കപ്പെട്ട സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

ii) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിൽ ഈ വർഷം തിരികെ വിളിക്കപ്പെടുന്നവരുടെ ലിസ്റ്റ്.

iii) അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരംനൽകി, പൂൾചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, പൂൾ ചെയ്യപ്പെട്ട തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

iv) ഫുൾ ടൈം ബെനഫിറ്റ് നൽകുന്ന ഭാഷാധ്യാപകരുടെ വിശദാംശങ്ങൾ(പേര്, തസ്തിക, സ്ഥിര നിയമനത്തീയതി, ഫുൾടൈം ബനഫിറ്റ് നൽകിയ തീയതി മുതലായവ).

v) പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അധിക എൽ.പി.എസ്.ടി. /യു.പി.എസ്.ടി. തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ(ഇതിനകം ഈ തസ്തികയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ ആളിന്റെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ).

vi) 15.07.2023 മുതൽ തസ്തിക നഷ്ടമായി പുറത്താകുന്നതും സംരക്ഷണത്തിന്

അർഹതയില്ലാത്തതുമായ ജീവനക്കാരുടെ ലിസ്റ്റ്.

vii) 15.07.2000 ലെ സ.ഉ (കൈ) 237/2000/പൊ.വി.വ., 15.05.2004 ലെ സ.ഉ (കൈ) 135/04/പൊ.വി.വ.എന്നിവ പ്രകാരം 2001-2002 വരെ നിയമിതരായ ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക്(മലയാളം) തസ്തിക അനുവദിക്കുമ്പോൾ സംസ്കൃതം, അറബ്, ഉറുദു തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളെ ഒഴിവാക്കേണ്ടതില്ല. സ്കൂളുകളിൽ ഈ ആനുകൂല്യം നൽകി തസ്തിക സംരക്ഷിച്ച് നിലനിർത്തിയിട്ടുള്ള ഇത്തരം അധ്യാപകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്.

viii) മറ്റ് പ്രസക്തമായ വിവരങ്ങൾ.

## അദ്ധ്യാപകബാങ്ക്

അദ്ധ്യാപക ബാങ്ക് നവീകരണം സമയ പരിധിക്കകം പൂർത്തികരിക്കേണ്ടതിനാൽ താഴെ പറയുന്ന സമയക്രമം ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

| | |
|---|---|
| 1.സംരക്ഷിത ജീവനക്കാരുടെവിവരങ്ങൾ സമന്വയയിലെ അദ്ധ്യാപക ബാങ്കിൽ അപ്ഡേറ്റ് ചെയുന്നതിനുമായി ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നല്കിയിട്ടുളള അവസാന തീയതി | 18/08/2023 |
| 2.ജില്ലാതല പുനർവിന്യാസ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നല്കിയിട്ടുള്ള അവസാന തീയതി | 19/08/2023 |
| 3 . അന്തർജില്ലാ പുനർവിന്യാസത്തിനുള്ള ലിസ്റ്റും ഓരോ ജില്ലകളിലെയും സംരക്ഷിതാദ്ധ്യാപകരെ പുനർ വിന്യസിക്കാനുള്ള ഒഴിവും വിവരവും തസ്തിക തിരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഡയറക്ർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 19/08/2023 |

2023-2024 വർഷത്തെ അദ്ധ്യാപക ബാങ്ക് സമന്വയ വഴി നവീകരിക്കേണ്ടതാണ്. ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ലോഗിനിൽ Teachers Bank എന്ന ഓപ്ഷൻ ലഭ്യമാണ്. ആയതിൽ ക്ലിക്ക് ചെയ്താൽ Create List എന്ന ഓപ്ഷൻ ലഭിക്കും. ഇതിൽ നിന്നുള്ള To be Deployed എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്ത് ലിസ്റ്റ് ക്രിയേറ്റ് ചെയ്താൽ ജില്ലയിലെ / ഉപജില്ലയിലെ മുഴുവൻ അധിക അദ്ധ്യാപകരുടെയും പേര് വിവരങ്ങൾ കാണാൻ കഴിയും ഇതിൽ ആവശ്യമായ മാറ്റങ്ങൾ (കോർപ്പറേറ്റ് മാനേജ്മെന്റ് തെറ്റായി ഉൾപ്പെടുത്തിയത്, സംരക്ഷണാനുകൂല്യം ഇല്ലാത്തത് തുടങ്ങിയവയെല്ലാം ഒഴിവാക്കിയും പുതിയവ കൂട്ടിചേർത്തും (മാന്വലായി തസ്തിക നിർണ്ണയം ചെയ്തതും, വിട്ടുപോയതും മറ്റും) ഉള്ള ലിസ്റ്റ് ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺഫേം ചെയ്യേണ്ടതാണ്. ഇപ്രകാരം കൺഫേം ചെയ്താൽ പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭിക്കുന്നതാണ്. ഈ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് പുനർ

വിന്യാസത്തിന് ആവശ്യമായ വിവരങ്ങൾ ചേർത്ത് (പുനർ വിന്യസിച്ച സ്കൂൾ, ഒഴിവിന്റെ വിവരങ്ങൾ മുതലായവ) കൺഫേം ചെയ്താൽ അതാത് ജില്ലയുടെ 2023-2024 വർഷത്തെ അദ്ധ്യാപക ബാങ്ക് പ്രസിദ്ധീകരണ യോഗ്യമാകും. **വിദ്യാഭ്യാസ ഓഫീസർമാർ സംരക്ഷണാനുകൂല്യമുള്ളവരെ മാത്രമേ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്താവൂ.**

സംരക്ഷണാനുകൂല്യമുള്ള ജീവനക്കാരെ 19/08/2023-നു തന്നെ സീനിയോറിറ്റി അടിസ്ഥാനത്തിൽ പുനർവിന്യസിക്കേണ്ടതും,ജില്ലയിൽ പുനർവിന്യസിക്കപ്പെടാൻ കഴിയാത്ത സംരക്ഷിത ജീവനക്കാരെ അന്തർജില്ലാ പുനർവിന്യാസം നടത്തുന്ന വേളയിൽ ജില്ലയിലെ ബന്ധപ്പെട്ട കാറ്റഗറിയിലെ ജൂനിയറെയാണ് അന്തർജില്ലാ പുനർവിന്യാസത്തിന് പരിഗണിക്കേണ്ടത്. **ജില്ലയിലെ പുനർവിന്യാസം പൂർത്തിയായതിന് ശേഷവും പുനർവിന്യാസം നടത്താൻ കഴിയാതെ വരുന്ന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങളും, സംരക്ഷിതാദ്ധ്യാപക/ അനധ്യാപക ജീവക്കാരുടെ പുനർ വിന്യാസത്തിന് ജില്ലയിൽ ലഭ്യമായ ഒഴിവുകളുടെ വിവരങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് <u>19/08/2023-ന്</u> തന്നെ നൽകേണ്ടതാണ്.**

2014-2015 വർഷം വരെ റഗുലർ സർവീസിൽ കയറിയ ജീവനക്കാർക്ക് ആണ് പരാമർശം (8), (9) ഉത്തരവുകൾ പ്രകാരം സംരക്ഷണത്തിന് അർഹതയുള്ളത്. സൂചന (10) കത്ത് പ്രകാരം സംരക്ഷിത എച്ച്.എസ്.റ്റി മാരെ പുനർ വിന്യസിക്കാന് ജില്ലയില് അതത് കാറ്റഗറികളിൽ ഒഴിവ് ലഭ്യമല്ലാത്ത ഘട്ടത്തില് യു.പി സ്കൂളുകളിലെ എച്ച്.ടി.വി തസ്തികകളിൽ ശമ്പള സംരക്ഷണത്തോടെ പ്രസ്തുത സംരക്ഷിത എച്ച്.എസ്.ടി മാരെ വിദ്യാഭ്യാസ ഉപ ഡയറക്ടർ മാർക്ക് തന്നെ പുനർവിന്യസിക്കാവുന്നതാണ്.

ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിഗതവും, കോർപ്പറേറ്റും ആയ മാനേജ്മെന്റുകളിലെ സ്കൂളുകളിൽ നിന്നും തസ്തിക നഷ്ടമാകുന്ന ജീവനക്കാരെ സീനിയോറിറ്റി പാലിച്ച് പ്രസ്തുത മാനേജ്മെന്റിലെ മറ്റ് സ്കൂളുകളിൽ ലഭ്യമായ ഒഴിവുകളിൽ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചതിനു ശേഷവും സംരക്ഷണാനുകൂല്യമുള്ള അദ്ധ്യാപകർ / അനദ്ധ്യാപകർ പുറത്താകുന്നുണ്ടെങ്കില് ആയത് സംബന്ധിച്ച്, ബന്ധപ്പെട്ട മാനേജർ താഴെപ്പറയുന്ന തരത്തിലുള്ള സത്യപ്രസ്താവന, ഒന്നിലധികം റവന്യൂജില്ലകളിൽ സ്കൂളുകളുള്ള മാനേജർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ഒരു റവന്യൂ ജില്ലയിൽ മാത്രം സ്കൂളുകളുള്ള മാനേജർമാർ അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സത്യപ്രസ്താവന ലഭ്യമാക്കിയതിനു ശേഷം സംരക്ഷണത്തിന് അർഹതയുള്ളതും പുനർവിന്യസിക്കപ്പെടേണ്ടതുമായ അദ്ധ്യാപകന്റെ/ അനദ്ധ്യാപകന്റെ പേരു വിവരം ബന്ധപ്പെട്ട ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക്, മാനേജർ സാക്ഷ്യപത്രത്തിന്റെ പകർപ്പ് സഹിതം നൽകേണ്ടതുമാണ്.

**<u>മാനേജരുടെ സത്യപ്രസ്താവന</u>**

തസ്തിക നഷ്ടമായ നിയമനാംഗീകാരമുള്ള ജീവനക്കാരനെ നിലനിർത്താൻ എന്റെ

മാനേജ്മെന്റിന്റെ പരിധിയിലുള്ള മറ്റ് സ്കൂളുകളിൽ ഒഴിവുകൾ ഒന്നും തന്നെ ലഭ്യമല്ലെന്നും, പ്രസ്തുത കാറ്റഗറിയില് തസ്തിക നഷ്ടമായ ജീവനക്കാരനേക്കാൾ ജൂനിയറോ നിയമനാംഗീകാരമില്ലാത്തതോ ആയ ആരും തന്നെ എന്റെ മാനേജ്മെന്റിലെ മറ്റ് സ്കൂളുകളില് തുടരുന്നില്ലെന്നും ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

## പൊതുനിർദ്ദേശം

1. സീനിയോറിറ്റി ലിസ്റ്റ് ഹാർഡ് കോപ്പി വാങ്ങേണ്ടതില്ല.

2 . സമന്വയയിൽ അപ് ലോഡ് ചെയ്ത രേഖകൾക്ക് വീണ്ടും പ്രിന്റ് ഔട്ട് ആവശ്യപ്പെടേണ്ടതില്ല. അറബിക്, ഉറുദു, സംസ്കൃതം ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ ഭാഷാ പഠനത്തിന് സമ്മതമറിയിച്ചുള്ള പ്രത്യേക ഡിക്ലറേഷൻ ആവശ്യപ്പെടേണ്ടതില്ല. ( 16/09/1982 ലെ സ.ഉ(കൈ) 131/82/പൊ.വി.വ ).

3 . ഭൂരിഭാഗം വിദ്യാഭ്യാസ ഓഫീസർമാരും നിർദ്ദേശിക്കപ്പെട്ടതില് നിന്നും വ്യത്യസ്തമായി പലതരത്തിലുള്ള ലിസ്റ്റുകൾ ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടപ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കുറവു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം സമന്വയിൽ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ലഭ്യമാക്കുന്നതാണ്. ഇക്കാര്യത്തിൽ മറ്റ് ലിസ്റ്റുകൾ ആവശ്യപ്പെടേണ്ടതില്ല.

4 . സർക്കാർ വിദ്യാലയങ്ങളിൽ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ വിവരം സ്കൂൾ പ്രധാനാദ്ധ്യാപകർ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ 18/**08/2023 നകം** തന്നെ അറിയിക്കേണ്ടതാണ്.

5 . സർക്കാർ സ്കൂളുകളിൽ നിന്നും തസ്തിക നഷ്ടപ്പെട്ടു പുറത്താകുന്ന അദ്ധ്യാപകരെ അതേ കാറ്റഗറികളിൽ ഒഴിവു വരുന്ന സ്കൂളുകളിലേക്ക് **18/08/2023**-നു മുമ്പായി ക്രമീകരിക്കേണ്ടതാണ്.

## ഫയലുകളുടെ പരിശോധന

2023-2024 വർഷത്തെ തസ്തിക നിർണ്ണയ ഫയലുകളുടെ പരിശോധന ചട്ടപ്രകാരം നടത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശം പിന്നീട് നൽകുന്നതാണ്.

I/399457/2023

2023-2024 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടാവുകയാണെങ്കിൽ അതാത് ജില്ലാ നോഡൽ ഓഫീസർമാരെയും, ജില്ലയുടെ ചുമതലയുള്ള അഡ്മിൻമാരെയും ബന്ധപ്പെട്ട് ഉടൻ പരിഹാരം കാണേണ്ടതാണ്.

Signed by
Shanavas S Ias
Date: 07-08-2023 13:49:32
പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താവ്

(1) എല്ലാജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാരും

(2) എല്ലാവിദ്യാഭ്യാസഉപഡയറക്ടർമാർക്കും

(3) എല്ലാ സമന്വയ നോഡൽ ഓഫീസർമാരും

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,കൈറ്റ്, തിരുവനന്തപുരം

(അറിവിലേക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി )

# അനുബന്ധം - 3

## (അധികഡിവിഷൻ/ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്ന ശിപാർശ).

സ്കൂൾ :
സ്കൂൾകോഡ് :
വിദ്യാഭ്യാസജില്ല/ഉപജില്ല :
ജില്ല :
സന്ദർശനംനടത്തിയതീയ്യതി :

| Details of strength as on the day of verification - ......../......./.............(Date) | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | Total |
| 1 | Strength of Sixth Working Day | | | | | | | | | | | |
| 2 | Re-admitted | | | | | | | | | | | |
| 3 | Present | | | | | | | | | | | |
| 4 | Reckoned for SF | | | | | | | | | | | |
| 5 | Absent | | | | | | | | | | | |
| 6 | Not Reckoned for SF from the absent * | | | | | | | | | | | |
| 7 | Strength for SF 4+(5-6) | | | | | | | | | | | |

*ഹാജരായതും ഹാജരാകാത്തതും ആയ വിദ്യാർത്ഥികളിൽ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ക്ലാസ് തലത്തിൽ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

| 2023-24 വർഷത്തിലേക്കുള്ള അർഹതയുള്ള അധിക ഡിവിഷനുകളുടെ വിവരങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| അധികഡിവിഷൻ ജനറൽ | | | | | | | | | | | |
| അറബിക് | | | | | | | | | | | |
| സംസ്കൃതം | | | | | | | | | | | |
| ഉറുദു | | | | | | | | | | | |

**2023-24 വർഷത്തിലേക്കുള്ള അധിക തസ്തികകളുടെ വിവരങ്ങൾ**

| | തസ്തിക കാറ്റഗറി തിരിച്ച് | ടീച്ചിംഗ്/നോൺ ടീച്ചിംഗ് | അധിക തസ്തികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |

.......................................................................................................................സ്കൂളിൽ.........
./............/............. തീയ്യതിയിൽ കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12(4) പ്രകാരം നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ ആറാം പ്രവൃത്തിദിനത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും

I/399457/2023

ഹാജരും രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് മുകളിൽ കാണിച്ച അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

പരിശോധിച്ച രേഖകൾ

1.

2.

3.

4.

5.

6.

7.

## സന്ദർശന സമയത്ത് വിവരം ശേഖരിക്കുന്നതിനുള്ള മാതൃകാ ഫോറം

## ഹാജരായ വിദ്യാർത്ഥികളിൽ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ

ക്ലാസ്: ഡിവിഷൻ:

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമനം | അഡ്മിഷൻനം | വിദ്യാർത്ഥിയുടെപേര് | യു.ഐ.ഡി. നമ്പർ(ഇല്ലാത്തകേസുകളിൽഡിക്ലറേഷൻഎന്ന്രേഖപ്പെടുത്തണം) | ഒന്നാംഭാഷ* | തസ്തികനിർണ്ണയത്തിന്പരിഗണിക്കാത്തതിന്റെകാരണം |
|---|---|---|---|---|---|
| | | | | | |
| | | | | | |

## ഹാജരാകാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ

ക്ലാസ്: ഡിവിഷൻ:

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമനം | അഡ്മിഷൻ നം | വിദ്യാർത്ഥിയുടെപേര് | യു.ഐ.ഡി. നമ്പർ(ഇ ല്ലാത്തകേസുകളിൽഡിക്ലറേഷൻ എന്ന് രേഖപ്പെടുത്തണം) | ഒന്നാംഭാഷ* | തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ടോ ഇല്ലയോ | ഇല്ലെങ്കിൽ ആയതിന്റെ കാരണം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

*എൽ.പി. വിഭാഗത്തിൽ അറബിക് അഡീഷണൽ ഭാഷയായി പഠിക്കുന്നവർക്ക് ഒന്നാംഭാഷ അറബിക് എന്ന് ചേർക്കണം.